# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2889 — 06/11/2019 – ൽ മറുപടിക്ക്

## ആലത്തൂർ മണ്ഡലത്തിൽ ഇ.എസ്.ഐ. ഡിസ്പെൻസറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.കെ.ഡി.പ്രസേനൻ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) യും<br>(ബി) യും<br>(സി) യും | ഇ.എസ്.ഐ കോർപ്പറേഷന്റെ ശുപാർശ പ്രകാരം 15.09.2017 ലെ സ.ഉ(എം.എസ്) നം. 75/17/തൊഴിൽ പ്രകാരം സംസ്ഥാനത്ത് ആലത്തൂർ ഉൾപ്പെടെ 18 സ്ഥലത്ത് പുതുതായി ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിക്കുന്നതിനും ആയതിന്റെ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടത് ഇ.എസ്.ഐ കോർപ്പറേഷനാണ്. എന്നാൽ നിലവിൽ 6 ഡിസ്പെൻസറികൾക്കുള്ള പ്രവർത്തനാനുമതി മാത്രമേ ഇ.എസ്.ഐ കോർപ്പറേഷൻ നൽകിയിട്ടുള്ളൂ. മതിയായ ഇൻഷ്വർ ചെയ്യപ്പെട്ട തൊഴിലാളികൾ ഇല്ലാത്തതിനാൽ ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച ഇ.എസ്.ഐ ഡിസ്പെൻസറിക്ക് ഇ.എസ്.ഐ കോർപ്പറേഷൻ കേന്ദ്ര ഓഫീസിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല. ഇനിയും പ്രവർത്തനാനുമതി ലഭിക്കാത്ത ഇ.എസ്.ഐ ഡിസ്പെൻസറികളുടെ പ്രവർത്തനാനുമതിക്കായി ഇ.എസ്.ഐ കോർപ്പറേഷൻ ഡയറക്ടർ ജനറലിന് സംസ്ഥാന സർക്കാർ കത്തയച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഡിസ്പെൻസറി എന്ന് നിലവിൽ വരുമെന്നറിയിക്കാമോ; | | |
| (സി) | ഇത് തുടങ്ങുന്നതിനുള്ള തടസ്സങ്ങളെക്കുറിച്ചും അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങളെക്കുറിച്ചും വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ